**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1127** **18-01-2021 - ൽ മറുപടിയ്ക്ക്**

**മലപ്പുറത്തെ മലയോര ഹൈവേ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. കെ. ബഷീർ | | Shri G. Sudhakaran<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) | |
| (എ) | മലപ്പുറത്തെ നിർദ്ദിഷ്ട മലയോര ഹൈവേ നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി എന്തെന്ന് അറിയിക്കുമോ; | (എ) | മലപ്പുറം ജില്ലയിലെ മലയോര ഹൈവേ നിർമ്മാണത്തിനായി ആകെ 79 കി.മീ. നീളത്തിന് 267.99 കോടി രൂപയുടെ സാമ്പത്തിക അനുമതിയാണ് ലഭിച്ചിരിക്കുന്നത്. ഇതിൽ 33.795 കി.മീ. ദൂരത്തിന് 137.87 കോടി രൂപയ്ക്ക് പ്രവർത്തി ആരംഭിക്കുകയും ചെയ്തു. |
| (ബി) | ഇത് മലപ്പുറം ജില്ലയിൽ ഏതെല്ലാം നിയോജക മണ്ഡലങ്ങളിലൂടെയാണ് കടന്നുപോകുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | മലപ്പുറം ജില്ലയിലെ ഏറനാട്, നിലമ്പൂർ, വണ്ടൂർ എന്നീ നിയോജക മണ്ഡലങ്ങളിലൂടെ കടന്നു പോകുന്നു |
| (സി) | ഏറനാട് മണ്ഡലത്തിൽ പ്രസ്തുത ഹൈവേ കടന്നുപോകുന്നത് എവിടം മുതൽ എവിടം വരെയാണെന്നും എത്ര തുകയാണ് അതിന് മാത്രമായി അനുവദിച്ചിട്ടുള്ളതെന്നും വിശദമാക്കുമോ; | (സി) | ഏറനാട് മണ്ഡലത്തിൽ മൈലാടിപ്പാലം മുതൽ നായാടംപൊയിൽ വരെയുള്ള 15 കിലോമീറ്ററാണ് മലയോര ഹൈവേ കടന്ന് പോകുന്നത്. ഏറനാട് മണ്ഡലത്തിലും നിലമ്പൂർ മണ്ഡലത്തിലും ഉൾപ്പെടെ 20.50 കി.മീ. റോഡിന് സംയുക്തമായി 49.5 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽ നിന്നും ലഭിച്ചിട്ടുണ്ട്. |
| (ഡി) | ഇതിന്റെ നിർമ്മാണ ചുമതല ആർക്കാണെന്നും പണി ആരംഭിച്ചിട്ടുണ്ടോയെന്നും അറിയിക്കുമോ; ഇല്ലെങ്കിൽ എന്നേക്ക് പണി ആരംഭിക്കുന്നതിനും പൂർത്തീകരിക്കുന്നതിനുമാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ; | (ഡി) | ഏറനാട് മണ്ഡലത്തിൽ വരുന്ന ഭാഗത്തിന്റെ സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ പൂർത്തീകരിക്കേണ്ടതായിട്ടുണ്ട്. മലയോര ഹൈവേക്കാവശ്യമായ റൈറ്റ് ഓഫ് വേ ക്കുള്ള സ്ഥലം സൗജന്യമായി ലഭ്യമാക്കേണ്ടതുണ്ട്. കേരള റോഡ് ഫണ്ട് ബോർഡിനെയാണ് എസ്.പി.വി. ആയി നിയമിച്ചിട്ടുള്ളത്. |
| (ഇ) | നിർമ്മാണത്തിനാവശ്യമായ തുക എത്രയെന്ന് വ്യക്തമാക്കാമോ; ഇതിനുള്ള തുക അനുവദിച്ച് ഉത്തരവായിട്ടുണ്ടോ; വിശദീകരിക്കുമോ? | (ഇ) | ഏറനാട് മണ്ഡലത്തിലും നിലമ്പൂർ മണ്ഡലത്തിലും ഉൾപ്പെടെ 20.50 റോഡിന് സംയുക്തമായി 49.5 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽ നിന്നും ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ